# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**22/02/2026** **മാർക്ക് - 50**
**10.30am - 12.30pm** **STD - IV** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

1. രക്ഷാകരദൗത്യം തുടരുവാൻ ഈശോ സഭയ്ക്കു നൽകിയ അനുഗ്രഹദായകമായ കൂദാശ ഏത്?
2. വൈദികനിലൂടെ ആരാണ് നമുക്ക് പാപമോചനം നൽകുന്നത്?
3. "ഇന്ന് ഈ ഭവനത്തിന് രക്ഷ ലഭിച്ചിരിക്കുന്നു." ഈശോ ആരോടാണ് ഇങ്ങനെ പറഞ്ഞത്?
4. സ്വർഗ്ഗത്തിലെ കുട്ടികളുടെ മദ്ധ്യസ്ഥൻ ആരാണ്?
5. ഇന്ന് സഭ നമ്മുടെ പാപങ്ങൾ മോചിക്കുന്നത് ഏത് കൂദാശയിലൂടെയാണ്?
6. "അവരുടെ വിശ്വാസം കണ്ട് യേശു തളർവാത രോഗിയോടു പറഞ്ഞു: മകനേ, നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു." ബൈബിൾ ഭാഗം ഏത്?
7. പൗരോഹിത്യപദവി നൽകപ്പെടുന്നത് ആരുടെ കൈവയ്പ്പു ശുശ്രൂഷ വഴിയാണ്?
8. "..............യിലേക്കാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്" (1 തെസലോനിക്കാ 4:7).
9. സ്ത്രീയും പുരുഷനും വിവാഹിതരാകുന്നതുവഴി രൂപം കൊള്ളുന്നത് എന്ത്?
10. പ്രാർത്ഥനയിലൂടെ നമുക്ക് ലഭിക്കുന്ന .......... നന്മ ചെയ്യാനും പ്രലോഭനങ്ങളെ അതിജീവിക്കാനും നമ്മെ ശക്തരാക്കുന്നു.

| |
|---|
| വിശുദ്ധി |
| സക്കേവൂസ് |
| യാക്കോബ് |
| തിരുപ്പട്ടം |
| വി. കാർലോ അക്കുത്തിസ് |
| മർക്കോസ് 2:5 |
| സ്വർഗ്ഗം |
| ഈശോ |
| മർക്കോസ് 2:11 |
| മെത്രാന്മാർ |
| സ്ഥൈര്യലേപനം |
| വി. ഡൊമിനിക് സാവിയോ |
| അനുരഞ്ജനകൂദാശ |
| ദൈവകൃപ |
| കുടുംബം |

## B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6

11. താഴെ നൽകിയിരിക്കുന്നതിൽ നിന്നും പ്രാർത്ഥനയുടെ വിവിധ ഘട്ടങ്ങൾ തെരഞ്ഞെടുത്ത് എഴുതുക.

| | | | |
|---|---|---|---|
| സ്തുതിപ്പ് | യാചന | കുടുംബ പ്രാർത്ഥന | ആരാധന |
| കുടുംബക്കൂട്ടായ്മ പ്രാർത്ഥന | മാദ്ധ്യസ്ഥ്യം | യാമപ്രാർത്ഥന | കൃതജ്ഞത |

12. അപ്പസ്തോലന്മാരുടെ പിൻഗാമികളായ ............മാരിലൂടെയും അവർ അഭിഷേകം ചെയ്തു നിയോഗിക്കുന്ന ............ലൂടെയും ............ ഇന്ന് പാപമോചനം നൽകുന്നു.

**C. ചേരുംപടി ചേർക്കുക** **1X5=5**

| | | |
|---|---|---|
| 13. ധൂർത്തപുത്രൻ | - | രോഗസൗഖ്യം |
| രോഗീലേപനം | - | പത്രോസ് ശ്ലീഹാ |
| വൈദീകർ | - | ദൈവത്തിന്റെ ദാനം |
| മക്കൾ | - | ശ്രേഷ്ഠമായ പ്രാർത്ഥന |
| വി. കുർബാന | - | അനുതാപം |
| | - | ശുശ്രൂഷാപൗരോഹിത്യം |
| | - | സ്നേഹസംഭാഷണം |

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **1X4=4**

14. മൗലിക സുകൃതങ്ങൾ എത്ര? ഏതെല്ലാം?
15. പുൽക്കൂട് ആദ്യമായി ഉണ്ടാക്കിയത് ആര്?
16. വചനം പൂർത്തിയാക്കുക. സങ്കീർത്തനം 33:22, "കർത്താവേ, അങ്ങയുടെ കാരുണ്യം ..........."
17. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'തുറന്നിരിക്കുന്ന ബൈബിൾ' എന്തിനെ സൂചിപ്പിക്കുന്നു?

**E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക** **1X5=5**

18. എന്താണ് രോഗീലേപനം?
19. വിവാഹ ബന്ധത്തിന്റെ സുപ്രധാന ഘടകങ്ങൾ ഏവ?
20. അനുരഞ്ജനകൂദാശയിൽ ഏറ്റവും പ്രധാനമായത് എന്ത്?
21. പൊതുപൗരോഹിത്യം അഥവാ രാജകീയ പൗരോഹിത്യം എന്നാൽ എന്ത്?
22. എന്താണ് വിവാഹം എന്ന കൂദാശ?

**F. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X1=5**

23. എന്താണ് പ്രാർത്ഥന എന്നും എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടതെന്നും ഉപപാഠപുസ്തകത്തിലെ 'ഈശോയോടൊപ്പം സംസാരിക്കാം' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

| | |
|---|---|
| 24. ഇന്റേണൽ അസസ്സ്മെന്റ്:<br>മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ. | **15** |

# STD IV

## A.ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10

1. രക്ഷ (പാഠം 12 /പേജ് 70 /പാര 2)
2. ഈശോ (പാഠം 9 /പേജ് 56/പാര 1)
3. സക്കേവൂസ് (പാഠം 10 /പേജ് 61/പാര 1)
4. വി. ഡൊമിനിക് സാവിയോ (ഉപപാഠം 5 /പേജ് 26: box)
5. അനുരഞ്ജനകൂദാശ (പാഠം 10 /പേജ് 61 /പാര 2)
6. മർക്കോസ് 2:5 (പാഠം 11 /പേജ് 68: box)
7. മെത്രാന്മാർ (പാഠം 12 /പേജ് 70-71)
8. വിശുദ്ധി (ഉപപാഠം 5 /പേജ് 27: box)
9. കുടുംബം (പാഠം 13 /പേജ് 76/പാര 1)
10. ദൈവകൃപ (പാഠം 15 /പേജ് 88/പാര 3)

## B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6

11. പാഠം 15 /പേജ് 86/ പാര 3
    ആരാധന, സ്തുതിപ്പ്, യാചന, കൃതജ്ഞത, മാദ്ധ്യസ്ഥ്യം
12. പാഠം 9 /പേജ് 56/ പാര 1
    മെത്രാന്മാർ / വൈദികർ / സഭ

## C. ചേരുംപടി ചേർക്കുക 1X5=5

13. ധൂർത്തപുത്രൻ - അനുതാപം (പാഠം 9 /പേജ് 57/പാര 1)
    രോഗീലേപനം - രോഗസൗഖ്യം (പാഠം 11 /പേജ് 67/പാര 1)
    വൈദീകർ - ശുശ്രൂഷാപൗരോഹിത്യം (പാഠം 12 /പേജ് 72/പാര 1)
    മക്കൾ - ദൈവത്തിന്റെ ദാനം (പാഠം 13 /പേജ് 77/പാര 1)
    വി. കുർബാന - ശ്രേഷ്ഠമായ പ്രാർത്ഥന (പാഠം 15 /പേജ് 87 /പാര 5)

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

14. മൗലിക സുകൃതങ്ങൾ (നമസ്കാരങ്ങൾ, പേജ് 14)
    1. വിവേകം 2. നീതി 3. ആത്മശക്തി 4. മിതത്വം
15. വി. ഫ്രാൻസീസ് അസ്സീസി (സത്യദീപം 2025 ഡിസംബർ 3)
16. സങ്കീർത്തനം 33:22, "കർത്താവേ, അങ്ങയുടെ കാരുണ്യം ഞങ്ങളുടെമേൽ ചൊരിയണമേ! ഞങ്ങൾ അങ്ങയിൽ പ്രത്യാശ അർപ്പിച്ചിരിക്കുന്നു." (വചനദീപം, 2026 ജനുവരി 25)
17. **തുറന്നിരിക്കുന്ന ബൈബിൾ:** പാദത്തിന് വിളക്കും പാതയിൽ പ്രകാശവുമായ ദൈവവചനത്തിന്റെ വായനയിലൂടേയും ധ്യാനത്തിലൂടേയും നാം ഈശോയിലെത്തണം. (വചനദീപം പേജ് 9)

## E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക 1X5=5

18. പാഠം 11 /പേജ് 66: Box
പാപമോചനവും രോഗസൗഖ്യവും നൽകി നമ്മുടെ ആത്മശരീരങ്ങൾക്ക് ആരോഗ്യം നൽകുന്ന കൂദാശയാണ് രോഗീലേപനം.

19. പാഠം 13 /പേജ് 76/പാര 2
ഭാര്യാഭർത്തൃ വിശ്വസ്തതയും പരസ്പരസ്നേഹവും.

20. പാഠം 10 /പേജ് 62/പാര 3
പാപങ്ങളെക്കുറിച്ചുള്ള പശ്ചാത്താപമാണ്.

21. പാഠം 12 /പേജ് 71-72
മാമ്മോദീസായിലൂടെ നമെല്ലാവരും ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുപറ്റുന്നു. ഈ പൗരോഹിത്യത്തെ പൊതുപൗരോഹിത്യം അഥവാ രാജകീയ പൗരോഹിത്യം എന്നു പറയുന്നു.

22. പാഠം 13 /പേജ് 76: Box
പുരുഷനും സ്ത്രീയും തമ്മിൽ വിശുദ്ധവും മരണംവരെ വേർപിരിയാത്തതുമായ ഐക്യത്തെ ഉളവാക്കുന്നതും, പരസ്പരം നിർമ്മലതയോടെ സ്നേഹിക്കുന്നതിനും ദൈവം നൽകുന്ന മക്കളെ നല്ല ക്രിസ്ത്യാനികളായി വളർത്തുന്നതിനും വേണ്ട കൃപാവരം ദമ്പതികൾക്കു നൽകുന്നതുമായ കൂദാശയാണ് വിവാഹം.

## F. ഒരു പേജിൽ കുറയാതെ ഉത്തരം എഴുതുക 5X1=5

23. ഉപപാഠം അദ്ധ്യായം 4 - ഈശോയോടൊപ്പം സംസാരിക്കാം, പേജ് 19-21

- പ്രാർത്ഥന എന്നത് ദൈവത്തോടുള്ള സ്നേഹസംഭാഷണമാണ്.
- എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടത്?

# എറണാകുളം–അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

16/02/2025 മാർക്ക് – 50

10.30pm - 12.30pm **STD - IV** സമയം – 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക (ഏതെങ്കിലും 10 എണ്ണം) 1X10=10**

1. സഭയിലൂടെ നമുക്ക് പാപമോചനം നൽകുന്നതാര്?
2. പാപമോചനവും രോഗസൗഖ്യവും നൽകി നമ്മുടെ ആത്മശരീരങ്ങൾക്ക് ആരോഗ്യം നൽകുന്ന കൂദാശ?
3. ഈശോയെപ്പോലെ മക്കളായ നമ്മളും ദൈവത്തെ ............ എന്നാണ് വിളിച്ചപേക്ഷിക്കേണ്ടത്.
4. ............ലൂടെ ഈശോ സഭയ്ക്കു നൽകിയ അധികാരത്താലാണ് ഇന്ന് രോഗീലേപനമെന്ന കൂദാശ നൽകുന്നത്.
5. തന്റെ രക്ഷാകരദൗത്യം തുടരുവാൻ ഈശോ സഭയ്ക്കു നൽകിയ കൂദാശ ഏത്?
6. .......... പവിത്രവും പരിശുദ്ധവുമാണെന്നും മരണം വരെ വേർപെടുത്താനാവാത്ത ബന്ധമാണെന്നും ഈശോ പഠിപ്പിച്ചു.
7. തിരുപ്പട്ടകൂദാശയിലെ പ്രധാനഭാഗം ഏത്?
8. "കുട്ടികളേ, കർത്താവിൽ നിങ്ങൾ മാതാപിതാക്കൻമാരെ അനുസരിക്കുവിൻ, അത് ന്യായയുക്തമാണ്." ഇപ്രകാരം പറഞ്ഞത് ആര്?
9. ഏത് കൂദാശയിലൂടെയാണ് നാമെല്ലാവരും ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുപറ്റുന്നത്?
10. ഈശോ പറയുന്ന കാര്യങ്ങൾ അനുസരിച്ചാൽ നാം ആരായിത്തീരും?
11. ദൈവത്തിന്റെ മഹത്ത്വപൂർണമായ പ്രവർത്തനങ്ങളെയും സൃഷ്ടപ്രപഞ്ചത്തിലെ മഹിമയാർന്ന നന്മകളെയും കണ്ട് ദൈവത്തെ മഹത്ത്വപ്പെടുത്തുന്നതിനെയാണ് നമ്മൾ ............ എന്നു പറയുന്നത്.
12. "നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ." ഇപ്രകാരം പറഞ്ഞത് ആര്?

| |
|---|
| മാമ്മോദീസ |
| ശ്ലീഹന്മാർ |
| പൗലോസ് ശ്ലീഹ |
| ക്രിസ്തു |
| വി. കുർബാന |
| പിതാവേ |
| യാക്കോബ് ശ്ലീഹ |
| വിവാഹബന്ധം |
| മാർപാപ്പമാർ |
| വിശുദ്ധർ |
| രോഗീലേപനം |
| സ്തുതിപ്പ് |
| ആരാധന |
| തിരുപ്പട്ടം |
| കൈവയ്പു ശുശ്രൂഷ |

**B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക** **3X2=6**

13. അനുരഞ്ജനകൂദാശ ഫലപ്രദമായി സ്വീകരിക്കുന്നതിനാവശ്യമായ കാര്യങ്ങൾ ക്രമത്തിൽ എഴുതുക.

| | | |
|---|---|---|
| പാപങ്ങളെല്ലാം വൈദികനോട് ഏറ്റുപറയണം | വീണ്ടും പാപം ചെയ്യുകയില്ലെന്ന് പ്രതിജ്ഞ ചെയ്യണം | പാപങ്ങളോർത്തു പശ്ചാത്തപിക്കണം |
| ആത്മശോധന ചെയ്ത് പാപങ്ങളെല്ലാം കണ്ടെത്തണം | വൈദികൻ നൽകുന്ന പ്രായശ്ചിത്തം അനുഷ്ഠിക്കണം | |

14. a) "അവൻ തന്റെ ......... വിളിച്ച് അശുദ്ധാത്മാക്കളെ ബഹിഷ്കരിക്കാനും എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്താനും അവർക്ക് അധികാരം നൽകി." (മത്താ. 10:1)

b) "സ്വർഗസ്ഥനായ പിതാവ് തന്നോടു ചോദിക്കുന്നവർക്ക് എത്രയധികമായി .......... നൽകുകയില്ല." (ലൂക്കാ 11:13)

c) ജനങ്ങളിൽനിന്നു ജനങ്ങൾക്കുവേണ്ടി, പ്രത്യേകമായി തെരഞ്ഞെടുക്കപ്പെട്ട് നിയോഗിക്കപ്പെടുന്ന വ്യക്തിയാണ് ........... (ഹെബ്രാ. 5:1)

## C. ചേരുംപടി ചേർക്കുക 1X5=5

| | | |
|---|---|---|
| 15. അനുരഞ്ജനകൂദാശ | - | നിത്യപുരോഹിതൻ |
| മെത്രാൻ | - | ദൈവത്തിന്റെ പ്രതിനിധികൾ |
| പുരോഹിതൻ | - | വിശുദ്ധതൈലംകൊണ്ടുള്ള ലേപനം |
| മാതാപിതാക്കൾ | - | സ്ഥൈര്യലേപനം |
| ഈശോ | - | മുൻപിൽ വയ്ക്കപ്പെട്ടവൻ |
| | - | പാപങ്ങളെക്കുറിച്ചുള്ള പശ്ചാത്താപം |
| | - | ശ്ലീഹന്മാരുടെ പിൻഗാമികൾ |

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

16. മൗലിക സുകൃതങ്ങൾ ഏവ?

17. "നമുക്കുവേണ്ടി ക്രൂശിക്കപ്പെട്ട അതേ ശരീരം തന്നെയാണ് കൂദാശയായി പരിശുദ്ധ കുർബാനയിൽ ഉള്ളത്" എന്ന് പറഞ്ഞ സഭാപിതാവ് ആര്?

18. വചനം പൂർത്തിയാക്കുക. സങ്കീർത്തനം 55:1, "ദൈവമേ, എന്റെ ..........."

19. 2024–2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യമായ 'പ്രാർത്ഥനയിൽ വളരാം' എന്നതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'നാല് ആൾരൂപങ്ങൾ' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക 1X5=5

20. പാപപരിഹാരം പൂർണമാകാൻ വൈദികൻ നൽകുന്ന പ്രായശ്ചിത്തത്തിനുപുറമേ നാം എന്തെല്ലാം ചെയ്യണം?

21. പുരോഹിതന്റെ ധർമ്മങ്ങൾ ഏതെല്ലാം?

22. എങ്ങനെയുള്ളതാണ് ഒരു മാതൃകാകുടുംബം?

23. അനുരഞ്ജനകൂദാശയുടെ ഫലങ്ങളേവ?

24. രോഗികളോടുള്ള നമ്മുടെ ക്രൈസ്തവ ദൗത്യങ്ങൾ ഏവ?

## F. ഏതെങ്കിലും ഒരു ചോദ്യത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5

25. പ്രാർത്ഥനയെന്നാൽ എന്തെന്നും, പ്രാർത്ഥനയുടെ വിവിധ ഘടകങ്ങൾ ഏതെല്ലാമെന്നും, പ്രാർത്ഥനയിലൂടെ നമുക്കു ലഭിക്കുന്ന ദൈവകൃപ നമ്മെ എന്തിനെല്ലാം സഹായിക്കുന്നുവെന്നും 'പ്രാർത്ഥന ദൈവവുമായുള്ള സംഭാഷണം' എന്ന പാഠത്തെ ആസ്പദമാക്കി എഴുതുക.

**(അല്ലെങ്കിൽ)**

'നമുക്കും വിശുദ്ധരാകാം' എന്ന പാഠത്തിൽ പരിചയപ്പെട്ട ലീമായിലെ വിശുദ്ധ റോസിനെയും വിശുദ്ധ ഡൊമിനിക് സാവിയോയെയും മുൻനിർത്തി വിശുദ്ധരാകാൻ നാം ചെയ്യേണ്ടത് എന്തൊക്കെയെന്ന് വിവരിക്കുക.

| | |
|---|---|
| 26. ഇന്റേണൽ അസസ്സ്മെന്റ്: | 15 |
| മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ. | |

# STD - IV

**A. ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽ നിന്നും തെരഞ്ഞെടുത്തെഴുതുക. 1X10=10**

1. കിസ്തു (Lesson 10, Page 61, Para 2)
2. രോഗീലേപനം (Lesson 11, Page 66, Box)
3. പിതാവേ (ഉപപാഠം Lesson 4, Page 20, Box)
4. ശ്ലീഹന്മാർ (Lesson 11, Page 66, Para 2)
5. തിരുപ്പട്ടം (Lesson 12, Page 72, Para 3)
6. വിവാഹബന്ധം (Lesson 13, Page 75, Para 3)
7. കൈവയ്പു ശുശ്രൂഷ (Lesson 12, Page 72 , Para 2)
8. പൗലോസ് ശ്ലീഹ (Lesson 13, Page 77, Para 2)
9. മാമ്മോദീസ (Lesson 12, Page 71, Para 3)
10. വിശുദ്ധർ (ഉപപാഠം Lesson 5, Page 25, Para 1)
11. സ്തുതിപ്പ് (Lesson 15, Page 86, Para 5)
12. യാക്കോബ് ശ്ലീഹ (Lesson 11, Page 66, Para 2)

**B. ക്രമത്തിൽ എഴുതുക & പൂരിപ്പിക്കുക 3X2=6**

13. (Lesson 10 , Page 61 , Para 3)
ആത്മശോധന ചെയ്ത് പാപങ്ങളെല്ലാം കണ്ടെത്തണം.
പാപങ്ങളോർത്തു പശ്ചാത്തപിക്കണം.
വീണ്ടും പാപം ചെയ്യുകയില്ലെന്ന് പ്രതിജ്ഞ ചെയ്യണം.
പാപങ്ങളെല്ലാം വൈദികനോട് ഏറ്റുപറയണം.
വൈദികൻ നൽകുന്ന പ്രായശ്ചിത്തം അനുഷ്ഠിക്കണം.

14. a. പന്ത്രണ്ടു ശിഷ്യന്മാരെ (Lesson 11, Page 66, Para 1)
b. പരിശുദ്ധാത്മാവിനെ (Lesson 15, Page 88, Para 2)
c. പുരോഹിതൻ (Lesson 12 , Page 71, Para 1)

**C. ചേരുംപടി ചേർക്കുക 1X5=5**

15 അനുരഞ്ജനകൂദാശ - പാപങ്ങളെക്കുറിച്ചുള്ള പശ്ചാത്താപം (Lesson 10 , Page 62 , Para 3)
മെത്രന്മാർ - ശ്ലീഹന്മാരുടെ പിൻഗാമികൾ (Lesson 12 , Page 70 , Para 2)
പുരോഹിതൻ - മുൻപിൽ വയ്ക്കപ്പെട്ടവൻ (Lesson 12 , Page 71 , Para 1)
മാതാപിതാക്കൾ - ദൈവത്തിന്റെ പ്രതിനിധികൾ (Lesson 13 , Page 77 , Para 1)
ഈശോ - നിത്യപുരോഹിതൻ (Lesson 12 , Page 71 , Para 3)

**D. നമസ്ക്കാരങ്ങൾ/ സത്യദീപം/ബൈബിൾ /ലോഗോ (Mark 1 x 4 = 4)**

16. നമസ്കാരം 23, Page 14
17. മിലാനിലെ വി. അംബ്രോസ് (സത്യദീപം, നവംബർ 27, പേജ് 09)
18. സങ്കീർത്തനം 55: 1 (വചനദീപം, പേജ് 27, നവംബർ 10)
19. 'നാല് ആൾരൂപങ്ങൾ' (വചനദീപം, പേജ് 10)

**E. ഒറ്റവാക്യത്തിൽ ഉത്തരം എഴുതുക** **1X 5=5**

20. Lesson 10 , Page 62 , Para 2
21. Lesson 12 , Page 71 , Para 2
22. Lesson 13 , Page 77 , Para 1
23. Lesson 10 , Page 62 , Para 1
24. Lesson 11 , Page 67 , Para 2

**F. ഒരു പേജിൽ കുറയാതെ ഉത്തരം എഴുതുക** **5X 1=5**

25. പ്രാർത്ഥന ദൈവവുമായുള്ള സംഭാഷണം (Lesson 15)

OR

ഉപപാഠം Lesson 5

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**18/02/2024** | **മാർക്ക് – 50**

**10.30 A.M. - 12.30 P.M.** **STD - IV** **സമയം – 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും കണ്ടെത്തി എഴുതുക 1X10=10

1. ശ്ലീഹന്മാരുടെ പിൻഗാമികൾ
2. നാം ചെയ്ത തെറ്റുകളെക്കുറിച്ച് നമുക്കുണ്ടാകുന്ന ദുഃഖം
3. ദൈവം കുടുംബത്തെ സംരക്ഷിക്കുന്നതും അനുഗ്രഹിക്കുന്നതും ആരിലൂടെയാണ്?
4. ദൈവത്തോടും സഹോദരരോടും രമ്യപ്പെടുന്നത് ഏത് കൂദാശ വഴിയാണ്?
5. ഈശോയുടെ കല്പന അനുസരിച്ച് പുറപ്പെട്ട ശിഷ്യന്മാർ ജനങ്ങളോട് പ്രസംഗിച്ചതെന്ത്?
6. ഈശോ തന്റെ പ്രാർത്ഥനയിൽ ആരുമായിട്ടാണ് സംസാരിച്ചിരുന്നത്?
7. നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ എന്ന് പറഞ്ഞ ശ്ലീഹ ആര്?
8. ഈശോയുടെ പൗരോഹിത്യത്തിൽ നാം പങ്കുപറ്റുന്ന കൂദാശയേത്?
9. "ഇന്ന് ഈ ഭവനത്തിന് രക്ഷ ലഭിച്ചിരിക്കുന്നു." വചനഭാഗം എഴുതുക.
10. വിവാഹബന്ധം പവിത്രവും പരിശുദ്ധവുമാണെന്നും മരണംവരെ വേർപെടുത്താനാവാത്ത ബന്ധമാണെന്നും പഠിപ്പിച്ചതാര്?

| |
|---|
| ഡീക്കൻമാർ |
| ലൂക്കാ 9:19 |
| മെത്രാന്മാർ |
| പിതാവ് |
| യാക്കോബ് |
| തൈലാഭിഷേകം |
| ലൂക്കാ 19:9 |
| മാമ്മോദീസ |
| പൗലോസ് |
| ഈശോ |
| അനുരഞ്ജനം |
| മക്കൾ |
| മനസ്താപം |
| മാതാപിതാക്കൾ |
| അനുതാപം |

## B. തരം തിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6

11. പ്രാർത്ഥനയുടെ വിവിധ ഘടകങ്ങൾ, സമൂഹപ്രാർത്ഥനകളിൽ വരുന്ന പ്രാർത്ഥനകൾ എന്നിവ തരം തിരിച്ചെഴുതുക.

| | |
|---|---|
| ആരാധന | മാദ്ധ്യസ്ഥ്യം |
| വി. കുർബാന | സ്തുതിപ്പ് |
| കൃതജ്ഞത | കുടുംബപ്രാർത്ഥന |
| യാചന | കുടുംബകൂട്ടായ്മ പ്രാർത്ഥന |
| യാമപ്രാർത്ഥന | |

12. നല്ല ഒരുക്കത്തോടെ അനുരഞ്ജന കൂദാശ സ്വീകരിക്കുമ്പോൾ ലഭിക്കുന്ന ഫലങ്ങൾ ഏവ?

    a) പാപമോചനം. b) .............. c) ................. d) ................

**C. യോജിച്ച ഉത്തരം തെരഞ്ഞെടുത്ത് ചേരുംപടി ചേർക്കുക (ഏതെങ്കിലും 5 എണ്ണം) 5X1=5**

13. a) കൈവയ്പു ശുശ്രൂഷ – ദൈവിക ശക്തി
    b) പാപമോചനം – ദൈവാലയം
    c) രോഗീലേപനകൂദാശ – തിരുപ്പട്ടക്കൂദാശ
    d) ദൈവത്തിന്റെ പ്രതിനിധികൾ – വി. ഡൊമിനിക്ക് സാവിയോ
    e) പ്രാർത്ഥനയുടെ ഫലം – അപ്പസ്തോലന്മാർ
    f) 'എനിക്ക് വിശുദ്ധനാകണം സ്വർഗ്ഗത്തിൽ പോകണം' – പാപമോചനവും രോഗസൗഖ്യവും
    g) സക്രാരി – മാതാപിതാക്കൾ

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4**

14. "സാധിക്കുന്നിടത്തോളം ......... വർത്തിക്കുവിൻ." (റോമാ 12:18)
15. കാരുണ്യപ്രവൃത്തികളിൽ രണ്ടെണ്ണം എഴുതുക.
16. ആദ്യമായി പുൽക്കൂട് ഒരുക്കിയത് ആര്?
17. 2023–2024 വിശ്വാസപരിശീലനവർഷത്തിന്റെ 'നന്മയിൽ വളരാം' എന്ന ലോഗോയിൽ കാണുന്ന 'തുറന്നിരിക്കുന്ന വി. ഗ്രന്ഥം' എന്തിനെ സൂചിപ്പിക്കുന്നുവെന്ന് വിശദമാക്കുക?

**E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക 1X5=5**

18. പുരോഹിതൻ ഏതെല്ലാം ദൗത്യങ്ങൾ നിർവ്വഹിച്ചുകൊണ്ടാണ് ദൈവജനത്തെ പഠിപ്പിക്കുകയും വിശുദ്ധീകരിക്കുകയും നയിക്കുകയും ചെയ്യുന്നത്?
19. അനുരഞ്ജനം പൂർണ്ണമാകുന്നത് എപ്പോഴാണ്?
20. പാപത്തിൽ വീഴാൻ ഇടയായാൽ ഉടൻതന്നെ നാം ചെയ്യേണ്ടത് എന്താണ്?
21. വിവാഹമെന്ന കൂദാശയുടെ പരികർമ്മത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമേത്?
22. മാരകപാപം എന്നാൽ എന്ത്?

**F. ഏതെങ്കിലും ഒരു ചോദ്യത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5**

(ചോദ്യം മനസ്സിലാക്കിയവിധത്തിൽ നിങ്ങളുടേതായ ഭാഷയിൽ എഴുതിയാൽ മതിയാകും)

23. രോഗീലേപനം എന്നാൽ എന്ത്? ഒരു രോഗിയെ സന്ദർശിക്കുമ്പോൾ നാം ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാം? പതിനൊന്നാം പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

**(അല്ലെങ്കിൽ)**

24. ഈശോ നമ്മെ വിളിക്കുന്നത് വിശുദ്ധിയിലേക്കാണ്. വിശുദ്ധരാകാൻ, നന്മയുടെ മിന്നാമിനുങ്ങുകളാകാൻ എപ്രകാരം ജീവിക്കണം എന്നു വിവരിച്ചുകൊണ്ട് നിങ്ങളുടെ കൂട്ടുകാരന്/കൂട്ടുകാരിക്ക് ഒരു കത്ത് എഴുതുക.

25. ഇന്റേണൽ അസസ്സ്മെന്റ്: 15
    മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**19/02/2023** **മാർക്ക് - 50**

**10.30 A.M. - 12.30 P.M.** **STD - IV** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ഏറ്റവും ശരിയായ ഉത്തരം പ്ലകാർഡിൽനിന്നും എടുത്തെഴുതുക 1X5=5

| | |
|---|---|
| 1. "ഇന്ന് ഈ ഭവനത്തിന് രക്ഷ ലഭിച്ചിരിക്കുന്നു" (വി. ലൂക്ക 19:9). ഈശോ ഇപ്രകാരം പറഞ്ഞത് | സക്കേവൂസിനോട്<br>ധൂർത്തപുത്രനോട് |
| 2. പാപമോചനവും രോഗസൗഖ്യവും നൽകുന്ന കൂദാശ | രോഗീലേപനം<br>കുമ്പസാരം |
| 3. അനുരഞ്ജനകൂദാശ വഴി സഭ ഇന്ന് നമ്മുടെ പാപങ്ങൾ മോചിക്കുന്നു. സഭയിലൂടെ നമുക്ക് പാപമോചനം നൽകുന്നത് | വൈദികൻ<br>ക്രിസ്തു |
| 4. അനുരഞ്ജനകൂദാശയുടെ ഫലങ്ങളാണ് ആന്തരികസമാധാനവും | സൗഖ്യവും<br>സന്തോഷവും |
| 5. രോഗികളെ സുഖപ്പെടുത്തുവാനുള്ള ശക്തി ഈശോ ആർക്കാണ് നൽകിയത്? | ശിഷ്യന്മാർക്ക്<br>പ്രവാചകൻമാർക്ക് |

## B. യോജിച്ച ഉത്തരങ്ങൾ ഉത്തരപ്പെട്ടിയിൽനിന്നും കണ്ടെത്തി എഴുതുക 1X9=9

6. പൂർണമായ അറിവോടും സമ്മതത്തോടുംകൂടെ ദൈവപ്രമാണം ലംഘിച്ച് നാം ചെയ്യുന്ന പാപം
7. പാപം മോചിക്കുന്നതിനുള്ള അധികാരം ഈശോ നേരിട്ട് നൽകിയത്
8. സ്നേഹം തന്നെയായ ദൈവത്തിന്റെ കല്പനകൾ ലംഘിക്കുന്നത്
9. ഈശോ തന്റെ ജീവിതവും മരണവും ഉത്ഥാനവുംവഴി നമുക്ക് നേടിത്തന്നത്
10. സഭയിൽ പൗരോഹിത്യപദവി നൽകപ്പെടുന്നത്
11. പുരോഹിതൻ എന്ന വാക്കിന്റെ അർത്ഥം
12. പവിത്രവും പരിശുദ്ധവും മരണംവരെ വേർപെടുത്താനാവാത്തതുമായ ബന്ധം
13. വിവാഹബന്ധത്തിന്റെ സുപ്രധാന ഘടകങ്ങളാണ് ഭാര്യാഭർത്തൃ വിശ്വസ്തതയും
14. മക്കളെ സ്നേഹിക്കുന്ന മാതാപിതാക്കളും മാതാപിതാക്കളെ അനുസരിച്ചു ജീവിക്കുന്ന മക്കളും അടങ്ങുന്നതാണ്

പരസ്പരസ്നേഹവും
സ്വർഗരാജ്യം
അപ്പസ്തോലന്മാർക്ക്
മാതൃകാകുടുംബം
മാരകപാപം
പ്രവാചകൻമാർക്ക്
പാപം
വിവാഹബന്ധം
രക്ഷ
അയയ്ക്കപ്പെട്ടവൻ
കൈവയ്പുശുശ്രൂഷ
മുൻപിൽ വയ്ക്കപ്പെട്ടവൻ
ആശീർവാദവും

## C. തരംതിരിച്ചെഴുതുക & പൂരിപ്പിക്കുക 3X2=6

15. കൂദാശകൾ, കൂദാശാനുകരണങ്ങൾ തരംതിരിച്ചെഴുതുക




16. ഇതളുകൾ പൂരിപ്പിക്കുക



## D. യോജിച്ച ഉത്തരം തെരഞ്ഞെടുത്ത് ചേരുംപടി ചേർക്കുക 5X1=5

| | | |
|---|---|---|
| 17. നമ്മുടെ അതിരൂപത | - | എറണാകുളം |
| ദൈവത്തിന്റെ കുഞ്ഞാട് | - | വി. യാക്കോബ് |
| പരിശുദ്ധ കുർബാന | - | യേശു |
| രോഗീലേപനം | - | എറണാകുളം-അങ്കമാലി |
| ഏറ്റവും ശ്രേഷ്ഠമായ പ്രാർത്ഥന | - | പ്രസാദവരം |
| | - | വി. കുർബാന |
| | - | ജപമാല |

## E. ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക 1X5=5

18. വൈദികരുടെ പൗരോഹിത്യത്തിന് പറയുന്ന പേര് എന്ത്?
19. ദൈവാലയത്തിന്റെ പരിശുദ്ധിക്ക് യോജിച്ചവിധത്തിലായിരിക്കണം നാം ദൈവാലയത്തിൽ പെരുമാറേണ്ടത് എന്നുപറയാൻ കാരണമെന്ത്?
20. തെറ്റുകളെക്കുറിച്ച് നമുക്കുണ്ടാകുന്ന ദുഃഖം?
21. വിവാഹത്തിലൂടെ രൂപം കൊള്ളുന്ന കുടുംബത്തിലേക്ക് ധാരാളമായി ചൊരിയപ്പെടുന്നത്
22. പാപം വഴി ദൈവത്തിൽനിന്നും അകന്നുപോകുന്ന നമ്മെ അവിടുന്നുമായി രമ്യതപ്പെടുത്തുന്ന ബൈബിളിലെ ഒരു ഉപമയുടെ പേരെഴുതുക.

## F. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X1=5

(ചോദ്യം മനസ്സിലാക്കിയവിധത്തിൽ നിങ്ങളുടേതായ ഭാഷയിൽ എഴുതിയാൽ മതിയാകും)

23. 'ഈശോ ജീവന്റെ ഉറവിടമാണ്' എന്ന് നിങ്ങൾ പഠിച്ചല്ലോ. കുഞ്ഞുനാൾ മുതൽ നിങ്ങളറിഞ്ഞ ഈശോ നിങ്ങൾക്ക് ആരാണ് എന്ന് നിങ്ങളുടെ ഒരു കൂട്ടുകാരന്/കൂട്ടുകാരിക്ക് കത്ത് രൂപത്തിൽ എഴുതുക.

24. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.